(സി) പുതിയ ബാച്ചിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകളാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) മാവേലിക്കര മണ്ഡലത്തിൽ നൂറു വർഷത്തോളം പൂർത്തിയായ 'കന്നം എച്ച്.എസ്.എസ് ', 'ചുനക്കര എച്ച്.എസ്.എസ്.' എന്നിവയുടെ സൗകര്യമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക അനുവദിക്കുമോ ; ആയതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(എഫ്) കടശ്ശനാട് ഗവ. എസ്.വി.എച്ച്.എസ്.എസ്.-ന് ലാബിന്റെ പ്രവർത്തനത്തിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഫണ്ട് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ അധ്യയന വർഷം ഇതുവരെ സംസ്ഥാനത്ത് അധികബാച്ചുകൾ അനുവദിച്ചിട്ടില്ല.

(ബി) 2011-2012-ൽ സർക്കാർ മേഖലയിൽ അനുവദിച്ച അധിക ബാച്ചുകളിലേയ്ക്കുള്ള തസ്തിക സൃഷ്ടിച്ചുകൊണ്ട് 5-8-2013-ലെ സ.ഉ. (കൈ.) നമ്പർ 226/13/പൊ.വി പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത തസ്തികകളിൽ സ്ഥിര നിയമനം നടന്നുവരികയാണ്.

(സി) ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ & എഫ്) വിവരം ശേഖരിച്ചുവരുന്നു.

പ്ലസ് വൺ പ്രവേശനം

9(1055) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14-ലെ എസ്.എസ്.എൽ.സി. പരീക്ഷാഫലം നേരത്തെ തന്നെ പ്രഖ്യാപിച്ചിട്ടും പ്ലസ് വൺ പ്രവേശനം ആരംഭിക്കുന്നതിന് കാലതാമസമുണ്ടായതിനുള്ള കാരണം വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏപ്രിൽ 16-ന് എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനം വന്നിട്ടും പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നത് മേയ് അവസാന വാരത്തിലേക്ക് നീട്ടിയത് സി.ബി.എസ്.ഇ. ഫലപ്രഖ്യാപനം വരാൻ കാത്തിരുന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷാ ഫീസ് ഈടാക്കുന്നുണ്ടോ; എത്ര രൂപയാണ് അപേക്ഷാ ഫീസായി സ്വീകരിക്കുന്നത്; പ്രസ്തുത തീരുമാനം സാധാരണക്കാരായ വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അധിക ബാച്ചുകൾ അനുവദിക്കാൻ വൈകുന്നത് വിദ്യാർത്ഥികൾക്ക് ഇഷ്ടപ്രകാരമുള്ള കോഴ്സും സ്കൂളും തെരഞ്ഞെടുക്കാനുള്ള അവകാശത്തെ എതിരായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) പ്ലസ് വൺ പ്രവേശന നടപടികളിൽ കാലതാമസം ഉണ്ടായിട്ടില്ല. ഏകജാലക സംവിധാനത്തിലൂടെയുള്ള പ്ലസ് വൺ പ്രവേശനത്തിനായുള്ള അപേക്ഷകൾ, അപേക്ഷകർക്ക് തന്നെ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യം 2014 മേയ് 26 മുതൽ ലഭ്യമാക്കുകയും ഓൺലൈൻ അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്തവർക്കായി അപേക്ഷ ഫാറവും പ്രോസ്പെക്ടസും പ്രിന്റ് ചെയ്ത് ജൂൺ ആദ്യവാരത്തോടെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷാ ഫീസ് ഈടാക്കുന്നുണ്ട്. 25 രൂപയാണ് അപേക്ഷാ ഫീസായി ഈടാക്കുന്നത്. ഇത് സാധാരണക്കാരായ വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്.

ഹയർ സെക്കണ്ടറി പ്രവേശന നടപടികൾ

10(1059) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. ഫലം പ്രസിദ്ധീകരിച്ച് എത്ര ദിവസങ്ങൾക്കുശേഷമാണ് ഹയർ സെക്കണ്ടറി പ്രവേശനത്തിനുള്ള നടപടികൾ ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly